**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1396** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>തൊഴിലാളി ക്ഷേമനിധി ബോർഡുകളിലെ പ്രതിസന്ധി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. അൻവർ സാദത്ത്

ശ്രീ. സന്ദീപ് വാര്യർ

ശ്രീ. ടി .ഒ. മോഹനൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി)

**(എ)** മുൻസർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ പ്രതിസന്ധിയിലായെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ചില തൊഴിലാളി ക്ഷേമനിധി ബോർഡുകൾ പ്രതിസന്ധിയിലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ബോർഡുകളുടെ വിശദാംശങ്ങൾ **അനുബന്ധം – I** ആയി ചേർക്കുന്നു.

**(ബി)** അധിക ഭരണച്ചെലവുകളും കെടുകാര്യസ്ഥതയും മൂലം ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് (ഗുണഭോക്താക്കൾക്ക്)യഥാസമയം ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ കഴിയാതിരുന്നിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കുനാകും എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** അധിക ഭരണച്ചെലവുകളും കെടുകാര്യസ്ഥതയും മൂലം തൊഴിൽ വകുപ്പിനു കീഴിലെ ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങൾക്ക് (ഗുണഭോക്താക്കൾക്ക്) ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യാൻ കഴിയാതിരുന്നിട്ടില്ല.

**(സി)** തൊഴിലാളികൾ അടയ്ക്കുന്ന ക്ഷേമനിധി വിഹിതത്തിന് തത്തുല്യമായ വിഹിതം അടയ്ക്കുന്നതിൽ മുൻ സർക്കാർ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** തൊഴിൽ വകുപ്പിന്റെ കീഴിലുള്ള തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്(സ്കാറ്റേർഡ്/അറ്റാച്ച്ഡ് വിഭാഗം പദ്ധതികളിൽ), കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ്, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് എന്നീ ബോർഡുകളിൽ തൊഴിലാളി വിഹിതത്തിനു ആനുപാതികമായി സർക്കാർ വിഹിതം നൽകുന്നത് സംബന്ധിച്ച് പരാമർശിച്ചിട്ടില്ല. കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ

ക്ഷേമനിധി ബോർഡ് എന്നീ ക്ഷേമനിധി ബോർഡുകളിൽ തൊഴിലാളികൾ അടയ്ക്കുന്ന ക്ഷേമനിധി വിഹിതത്തിന് തത്തുല്യമായ വിഹിതം അടയ്ക്കുന്നതിൽ മുൻ സർക്കാർ കുടിശ്ശിക വരുത്തിയിട്ടില്ല.

മുൻ സർക്കാരിന്റെ കാലത്ത് കുടിശ്ശിക വരുത്തിയിട്ടുള്ള ക്ഷേമനിധി ബോർഡുകളുടെ വിശദാംശങ്ങൾ **അനുബന്ധം – II** ആയി ചേർക്കുന്നു.

**(ഡി)** മുൻസർക്കാരിന്റെ കാലത്ത് വിവിധ ക്ഷേമനിധി ബോർഡുകളിലെ ഗുണഭോക്താക്കൾക്ക് ക്ഷേമനിധി ആനുകൂല്യങ്ങളും പദ്ധതി വിഹിതങ്ങളും വിതരണം ചെയ്യേണ്ടയിനത്തിൽ എത്ര തുകയുടെ കുടിശ്ശിക വരുത്തിയിട്ടുണ്ടെന്നത് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ക്ഷേമനിധി ആനുകൂല്യങ്ങളും പദ്ധതി വിഹിതങ്ങളും വിതരണം ചെയ്യുന്നതിൽ കുടിശ്ശികയുള്ള ബോർഡുകളുടെ വിശദാംശങ്ങൾ **അനുബന്ധം – III** ആയി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം – I

### 1. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ, മുഖ്യ വരുമാനമായ വ്യാപാരി അംശദായം പിരിക്കുന്നത് 2002-ൽ ബഹു. ഹൈക്കോടതി തടഞ്ഞതിനെത്തുടർന്ന് തുടക്കം മുതൽ തന്നെ സാമ്പത്തിക പ്രതിസന്ധിയിലാണ്. സാമ്പത്തിക പ്രതിസന്ധിയിലാണെങ്കിലും ഗുണഭോക്താക്കൾക്ക് യഥാസമയം ആനുകൂല്യങ്ങൾ വിതരണം ചെയ്തുവരുന്നുണ്ട്.

### 2. കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്

കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് സർക്കാർ വിജ്ഞാപന പ്രകാരം കേരളത്തിലെ 14 ജില്ലകളിലും കൊച്ചിൻ പോർട്ട് ട്രസ്റ്റ് പ്രദേശത്തും പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. പദ്ധതി വ്യാപനം കൂടുതൽ കാര്യക്ഷമമാക്കാൻ ഉപസമിതികൾ കൂടി കൂടുതൽ പ്രദേശങ്ങൾ കണ്ടെത്തി പദ്ധതി വ്യാപനം നടത്തി വരികയും ചെയ്യുന്നു. ബോർഡിന്റെ പദ്ധതി പ്രദേശങ്ങളിൽ രജിസ്റ്റേർഡ് തൊഴിലാളികൾ ഉണ്ടായിട്ടും തൊഴിലുടമകൾ അറ്റാച്ച്ഡ് കാർഡ് നേടുന്നത് വഴി തൊഴിൽ നഷ്ടപ്പെടുന്ന അരക്ഷിതാവസ്ഥ തൊഴിലാളികൾക്കിടയിലുണ്ട്. ഇത്തരം വിഷയങ്ങൾ മൂലം ചുമട്ടു തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനും പദ്ധതി വ്യവസ്ഥ പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു. നിയമ പരിഷ്കരണത്തിനായി സർക്കാരിലേക്ക് ശിപാർശ ചെയ്തിട്ടുള്ളതുമാണ്. ഏകദേശം 40,000 ത്തോളം വരുന്ന രജിസ്റ്റേഡ് തൊഴിലാളികൾ ജോലി ചെയ്യുന്ന ഒരു മേഖലയാണ് ഇത്. എന്നാൽ ഇന്ന് കേരളത്തിലെ ചുമട്ടു തൊഴിലാളി മേഖല വളരെ സങ്കീർണ്ണമായ പ്രതിസന്ധികളിലൂടെ കടന്നുപോവുകയാണ്. നിയമത്തിലുള്ള പഴുതുകൾ ഫലപ്രദമായി ഉപയോഗിച്ച് പല തൊഴിലുടമകളും തങ്ങൾക്ക് അനുകൂലമായ വിധികൾ സമ്പാദിച്ച് ലാഭം മാത്രം ലക്ഷ്യമിട്ട് മതിയായ വേതനമോ മറ്റ് ആനുകൂല്യങ്ങളോ നൽകാതെ സ്വന്തം തൊഴിലാളികളെ വച്ച്, വർഷങ്ങളായി ജോലി ചെയ്യുന്ന ചുമട്ടു തൊഴിലാളികളെ ടി മേഖലിയിൽ നിന്നും പുറന്തള്ളുന്ന ഒരു പ്രവണത വളരെ വ്യാപകമായ രീതിയിൽ വർദ്ധിച്ചു വന്നിരിക്കുന്നു. കഴിഞ്ഞ ആറു വർഷത്തിനിടയിൽ അറ്റാച്ച്ഡ് കാർഡുമായി ബന്ധപ്പെട്ട് ബഹു കേരള ഹൈക്കോടതിയുടെ പരിഗണനയിൽ വന്ന കേസുകളിൽ അറ്റാച്ചാഡ് കാർഡ്

അനുവദിക്കുന്നതിനായുള്ള ഉത്തരവുകൾ ഉണ്ടായിട്ടുള്ളതും തൽഫലമായി അറ്റാച്ചഡ് കാർഡ് അനുവദിച്ചതുമൂലം യഥാക്രമം തിരുവനന്തപുരം ജില്ലയിൽ 77, കൊല്ലം –24, പത്തനംത്തിട്ട –29, ആലപ്പുഴ –10, കോട്ടയം –26, ഇടുക്കി –14, എറണാകുളം –38, തൃശ്ശൂർ –50, പാലക്കാട് –234, മലപ്പുറം –149, കോഴിക്കോട് –158, വയനായ് –119, കണ്ണൂർ–46, കാസർഗോഡ് –39 എന്നീ ക്രമത്തിൽ ആകെ 1013 അൺ –അറ്റാച്ച്ഡ് പൂൾ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടുകയുണ്ടായി. സൂപ്പർമാർക്കറ്റ്/ഹൈപ്പർ മാർക്കറ്റുകൾ/ വൻകിട സ്ഥാപനങ്ങൾ എന്നിവയെല്ലാം തന്നെ പദ്ധതി പ്രദേശത്താണ് സ്ഥിതി ചെയ്യുന്നതെങ്കിലും നിയമ പ്രകാരം ബോർഡിൽ രജിസ്ട്രേഷൻ നടത്തുകയോ ബോർഡിലെ തൊഴിലാളികളെ കയറ്റിറക്കിന് നിയോഗിക്കാൻ അനുവദിക്കുകയോ ചെയ്യുന്നില്ല. നിയമത്തിലുള്ള പഴുത് മൂലം പ്രധാനമായും നൂതനവും സങ്കീർണ്ണവുമായ (delicate and sophisticated articles) വസ്തുക്കളുടെ കയറ്റിറക്ക് ചെയ്യുന്ന തൊഴിലാളികൾ ചുമട്ടു തൊഴിലാളി നിയമത്തിന്റെ പരിധിയിൽ വരില്ലയെന്ന നിയമത്തിലെ വ്യവസ്ഥ ചൂണ്ടിക്കാണിച്ച് തൊഴിലുടമകൾ ബഹു.കേരള ഹൈക്കോടതിയിൽ നിന്ന് വിധി സമ്പാദിക്കുക വഴി രജിസ്റ്റേഡ് ചുമട്ടു തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുന്ന സ്ഥിതി വിശേഷം ഉണ്ടായി കൊണ്ടിരിക്കുകയാണ്.

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിനു കീഴിൽ ജോലി ചെയ്യുന്ന സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ തൊഴിൽ അവസരങ്ങൾ കുറഞ്ഞു വരുന്നതിനാലും മെഷീനുകളുടെ അതിപ്രസരവും മൂലം തൊഴിലാളികളുടെ ജീവിതത്തെ പ്രതികൂലമായി ബാധിക്കുന്നു. രജിസ്റ്റർ ചെയ്ത തൊഴിലുടമകൾ ആരുംതന്നെ വിഹിതം അടക്കുന്നില്ല. തൊഴിലാളികളുടെ കൃത്യമായി വിഹിതം അടവാക്കുന്നില്ല. ആയതിനാൽ സ്കാറ്റേർഡ് വിഭാഗം ക്ഷേമാനുകൂല്യങ്ങൾ നൽകുന്നതിന് പല ജില്ല കമ്മിറ്റി ഓഫീസുകളിലും ഫണ്ടിന്റെ അപര്യാപ്തത നിലനിൽക്കുന്നു.

## 3. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രധാന വരുമാന മാർഗ്ഗമായ സെസ്സ് ലഭിക്കാത്തത് ബോർഡിനെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാക്കിയെങ്കിലും തൊഴിലാളികളിൽ നിന്നുള്ള അംശാദായം, സർക്കാർ സഹായം എന്നിവ ഉപയോഗിച്ച് പെൻഷനും മറ്റ് ആനുകൂല്യങ്ങളും കൃത്യമായി നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.

# അനുബന്ധം –II

## 1. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

| വർഷം | ബോർഡ് ശുപാർശ ചെയ്ത ഗ്രാന്റ് തുക | സർക്കാർ അനുവദിച്ച തുക | അനുവദിയ്ക്കാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|
| 2021-22 | 3,72,35,961 | 0 | 3,72,35,961 |
| 2022-23 | 3,75,56,469 | 0 | 3,75,56,469 |
| 2023-24 | 2,99,65,333 | 0 | 2,99,65,333 |
| 2024-25 | 2,30,47,605 | 20,00,00,000 | - |
| 2025-26 (un audited) | 2,95,44,394 | 0 | 2,95,44,394 |
| **ആകെ** | **15,73,49,762** | **20,00,00,000** | **13,43,02,157** |

## 2. കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്

| വർഷം | ബോർഡ് ശുപാർശ ചെയ്ത ഗ്രാന്റ് തുക | സർക്കാർ അനുവദിച്ച തുക | അനുവദിക്കാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|
| 2021-22 | 8,36,36,640/- | 1,50,00,000/- | 6,86,36,640/- |
| 2022-23 | 17,16,43,615/- | 0 | 17,16,43,615/- |
| 2023-24 | 24,19,23,300/- | 1,50,00,000/- | 22,69,23,300/- |
| 2024-25 | 26,09,13,450/- | 0 | 26,09,13,450/- |
| 2025-26 | 27,79,34,550/- | 0 | 27,79,34,550/- |
| **ആകെ** | **103,60,51,555/-** | **3,00,00,000/-** | **100,60,51,555/-** |

## 3. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്

| വർഷം | ബോർഡ് ശുപാർശ ചെയ്ത ഗ്രാന്റ് തുക | സർക്കാർ അനുവദിച്ച തുക | അനുവദിക്കാൻ ബാക്കിയായ തുക |
|---|---|---|---|
| 2021-22 | 9,37,930/- | 17,87,000/- | -8,49,070/- |
| 2022-23 | 10,03,650/- | | 10,03,650/- |

| | | | |
|---|---|---|---|
| 2023-24 | 10,04,650/- | | 10,04,650/- |
| 2024-25 | 10,34,400/- | | 10,34,400/- |
| **ആകെ** | **39,80,630/-** | **17,87,000/-** | **21,93,630/-** |

## 4. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്

സർക്കാർ വിഹിതം 2019-20 മുതൽ കുടിശ്ശികയാണ്. ബോർഡിന് ലഭിക്കേണ്ട കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| **വർഷം** | **ബോർഡ് ശുപാർശ ചെയ്ത ഗ്രാന്റ് തുക** | **സർക്കാർ അനുവദിച്ച തുക** | **അനുവദിക്കാൻ ബാക്കിയായ തുക** |
|---|---|---|---|
| 2021-22 | 14,89,770/- | nil | 14,89,770/- |
| 2022-23 | 15,83,260/- | nil | 15,83,260/- |
| 2023-24 | 11,52,669/- | nil | 11,52,669/- |
| 2024-25 | 11,00,021/- | 40,00,000/- | -28,99,979/- |
| 2025-26 | 9,66,310/- | nil | 9,66,310/- |
| **ആകെ** | **62,92,030/-** | **40,00,000/-** | **22,92,030/-** |

## 5. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്

| **വർഷം** | **ബോർഡ് ശുപാർശ ചെയ്ത ഗ്രാന്റ് തുക** | **സർക്കാർ അനുവദിച്ച തുക** | **അനുവദിക്കാൻ ബാക്കി നിക്കുന്ന തുക** |
|---|---|---|---|
| 2021-22 | 93,31,765/- | | |
| 2022-23 | 1,03,77,529/- | | |
| 2023-24 | 72,78,229/- | 1,00,00,000/- | |
| 2024-25 | 77,16,300/- | 70,00,000/- | 3,48,37,354/- |
| 2025-26 | ഓഡിറ്റ് പൂർത്തിയാക്കാത്തതിനാൽ ശിപാർശ അയച്ചിട്ടില്ല. | 1,00,00,000/- (ട്രഷറി നിയന്ത്രണങ്ങളാൽ തുക ബോർഡിന് ലഭിച്ചിട്ടില്ല | |
| **ആകെ** | **3,47,03,823/-** | **1,70,00,000/-** | **3,48,37,354/- (2025-26 ഒഴികെ)** |

## 6. **കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്**

| വർഷം | ബോർഡ് ശുപാർശ ചെയ്ത ഗ്രാന്റ് തുക | സർക്കാർ അനുവദിച്ച തുക | അനുവദിക്കാൻ ബാക്കി നിക്കുന്ന തുക |
|---|---|---|---|
| 2021-22 | 13,34,479/- | 0 | 13,34,479/- |
| 2022-23 | 14,32,402/- | 0 | 14,32,402/- |
| 2023-24 | 11,10,858/- | 0 | 11,10,858/- |
| 2024-25 | 8,96,791/- | 0 | 8,96,791/- |
| **ആകെ** | **47,74,530/-** | | **47,74,530/-** |

2025-26 വർഷത്തെ വിശദാംശങ്ങൾ ഓഡിറ്റ് പൂർത്തിയാക്കുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണ്.

## 7. **കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്**

| ക്രമ. നമ്പർ | വർഷം | ബോർഡ് ശുപാർശ ചെയ്ത ഗ്രാന്റ് തുക | സർക്കാർ അനുവദിച്ച തുക | അനുവദിക്കാൻ ബാക്കി നിക്കുന്ന തുക |
|---|---|---|---|---|
| 01 | 2021-22 | 6.13 കോടി | 1 കോടി | 5.13 കോടി |
| 02 | 2022-23 | 6.08 കോടി | അനുവദിച്ചില്ല | 6.08 കോടി |
| 03 | 2023-24 | 6.80 കോടി | 1.20 കോടി | 5.60 കോടി |
| 04 | 2024-25 | 7.37 കോടി | 1 കോടി | 6.37 കോടി |
| 05 | 2025-26 | 8.10 കോടി | അനുവദിച്ചില്ല | 8.10 കോടി |
| | **ആകെ** | **34.48 കോടി** | **3.20 കോടി** | **31.28 കോടി** |

2021-22 വർഷം മുതൽ 2025-26 വർഷം വരെ ബോർഡ് ഗ്രാന്റിനത്തിൽ 34.48 കോടി രൂപ ശുപാർശ ചെയ്യുകയും ആയതിൽ 3.20 കോടി രൂപ അനുവദിക്കുകയും 31.28 കോടി രൂപ കുടിശ്ശിയുള്ളതുമാണ്.

## അനുബന്ധം – III

### 1. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ (പദ്ധതി വിഹിതം) 46.59 കോടി രൂപ ബോർഡിന് നല്കുവാനുണ്ട്. 2026 ഏപ്രിൽ മാസം വരെ ബോർഡിൽ കുടിശ്ശികയായിട്ടുള്ള ആനുകൂല്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ആനുകൂല്യങ്ങൾ | ശേഷിക്കുന്ന അപേക്ഷകളുടെ തുക |
|---|---|
| അധിവർഷാനുകൂല്യം | 478,54,06,250/- |
| പ്രസവാനുകൂല്യം | 9,44,85,000/- |
| വിവാഹ ധനസഹായം | 1,26,10,000 /- |

### 2. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ മുൻ സർക്കാരിൻറെ കാലത്ത് 2025 വരെയുള്ള പെൻഷനും 31/12/2025 വരെയുള്ള മരണാനന്തര ആനുകൂല്യവും 31/03/2025 വരെയുള്ള മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്തിരുന്നു. 13 മാസത്തെ പെൻഷൻ കുടിശ്ശിക ഇനത്തിൽ 915 കോടി രൂപയും മറ്റ് കുടിശ്ശികകൾ വിതരണം ചെയ്യുന്നതിനായി 400 കോടി രൂപയും അടക്കം 1315 കോടി രൂപയാണ് കുടിശ്ശിക ഉണ്ടായിരുന്നത്.

### 3. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ അവശതാ പെൻഷൻ 2022 ഒക്ടോബർ മുതൽ 2023 ജനുവരി വരെയും 2025 ഓഗസ്റ്റ് മുതൽ 2025 ഡിസംബർ വരെയും കുടിശ്ശികയുണ്ട്. ഈ ഇനത്തിൽ 1,73,82,000/- രൂപയുടെ കുടിശ്ശികയുണ്ട്.